കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വിളക്കുടി ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ്കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.എകെ.എസ്.എ.കെ.എൽ.എം. പി7-1844/16

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ
ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
കൊല്ലം ജില്ല, തീയതി, 21/1/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിളക്കുടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വിളക്കുടി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുണ്ടറ ഗ്രാമപഞ്ചായത്തിന്റെ 2015-16. സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1, 3-2 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത്

സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

പകർപ്പ് :

1) കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.എകെ.എസ്.എ.കെ.എൽ.എം. പി1-1844/16 തീയതി:21/01/2017

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ

2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2015-16. സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 6.06.2016 മുതൽ 8.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി . ഗീത എം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 21.11.2016 മുതൽ 29.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. ജി . സജികുമാർ | ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്) |
| | | ശ്രീ.ശശി ജോഷ്.എ<br>ശ്രീ.അശോകകുമാർ.എൻ<br>ശ്രീ . എമിൽ റ്റി എബ്രഹാം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. മിനി ജോസ് പ്രകാശ് | 01.04.2015 മുതൽ 13.05.2015 വരെ |
| | | ശ്രീ. അജികുമാർ | 14.05.2015 മുതൽ 29.05.2015 വരെ |
| | | ശ്രീമതി.ശ്രീദേവി അമ്മ | 30.05.2015 മുതൽ 31.10.2015 വരെ |
| | | ഭരണ നിർവ്വഹണ സമിതി | 01-11-2015 മുതൽ 18-11-2015 വരെ |
| | | ശ്രീ സി വിജയൻ | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | | ശ്രീമതി. ഇ.കെ ഫില്ലിസ് | 01-04-2015മുതൽ 11.05.2015വരെ |
| | | ശ്രീ റ്റി രാജൻ (പൂർണ അധിക ചുമതല) | 12.05.2015മുതൽ 27.07.2015വരെ |
| | : | ശ്രീ ഷിബു എസ് | 28.07.2015മുതൽ 21.01.2016വരെ |
| | | ശ്രീ എസ് വിജയകുമാർ | 17.01.2016മുതൽ 31.03.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് എൻജിനിയർ | | ശ്രീമതി.സുജിതാരവി | 01.4.2015മുതൽ 31.03.2016 വരെ |
| അസിസ്റ്റൻറ് സെക്രട്ടറി | | ശ്രീ.റ്റി. രാജൻ | 01.04.2015മുതൽ 31-03-2016 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.അനീസ.എം.എസ് | 01.04.2015 മുതൽ |

| | | | |
|---|---|---|---|
| | | | 31-03-2016 വരെ |
| വെറ്റിനറി സർജൻ | | ഡോ. ഉമ്മൻ പി രാജ്<br>ഡോ. ഉഷാ കെ ഷാനി | 01-04-2015 മുതൽ<br>15.09.2015വരെ<br>16.09.2015 മുതൽ<br>31-03-2016വരെ |
| മെഡിക്കൽ ഓഫീസർ<br>അലോപ്പതി | | ഡോ.സുമി എസ്<br>ഡോ. അഞ്ജലി എൻ യു (അധിക ചുമതല)<br>ഡോ. അരുൺ രവി (അധിക ചുമതല) | 01.04.2015 മുതൽ<br>27.09.2015വരെ<br>28.09.2015 മുതൽ<br>21.12.2015വരെ<br>22.12.2015 മുതൽ<br>31.03.2016വരെ |
| മെഡിക്കൽ ഓഫീസർ<br>ഹോമിയോ | | ഡോ ബീനാകുമാരി | 01.04.2015മുതൽ<br>31-03-2016 വരെ |
| ഹെഡ്മാസ്റ്റർ | | ശ്രീ . ബാലചന്ദ്രൻ നായർ<br>ശ്രീമതി.ഗീത.എസ് | 01.04.2015മുതൽ<br>12.07.2015വരെ<br>13.07.2015മുതൽ<br>31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ<br>ഓഫീസർ (വിളക്കുടി ) | | കിഷോർ.എസ് | 01.04.2015മുതൽ<br>31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ<br>ഓഫീസർ (ഇളമ്പൽ ) | | വി സുരേഷ് കുമാർ | 01.04.2015മുതൽ<br>31.03.2016 വരെ |
| ഐ സി ഡി എസ്<br>സൂപ്പർവൈസർ | | ശ്രീമതി.സജിത<br>ശ്രീമതി. മറിയാമ്മ ഡാനിയേൽ | 01.14.2015മുതൽ<br>31.12.2015 വരെ<br>01.01.2016മുതൽ<br>31-03-2016 വരെ |

| | | | |
|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | | ശ്രീമതി മിനി.റ്റി.ജെ | 01.04.2015 മുതൽ 31.03.2016വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വസ്തുനികുതിയിനത്തിൽ 2326687/- രൂപ കുടിശ്ശിക | 2-1 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-2 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല കുടിശ്ശിക 35000 രൂപ | 2-3 |
| 15 | പെർമിറ്റ് ഫീസ് ഈടാക്കിയില്ല - നഷ്ടം 1797/- രൂപ | 2-4 |

| | | |
|---|---|---|
| 16 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് - 3458/- രൂപ നഷ്ടം | 2-5 |
| 17 | അൺഎയ്ഡഡ് സ്കൂൾ കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല . | 2-6 |
| 18 | വാടകക്കുടിശ്ശിക ഈടാക്കിയില്ല - 109684/-രൂപ കുടിശ്ശിക | 2-7 |
| 19 | രജിസ്റ്ററുകളും, മറ്റ് രേഖകളും തയ്യാറാക്കി സൂക്ഷിക്കുന്ന – തിലെ വീഴ്ച | 2-8 |
| | ഭാഗം 3 | |
| 20 | വിളക്കുടി- മേലില- വെട്ടിക്കവല സംയുക്ത കുടിവെള്ള പദ്ധതി ഭൂമി വാങ്ങൽ (109 / 16) അധിക ചെലവ് 120137/- രൂപ നിരാകരിക്കുന്നു. രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 15400/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 3-1 |
| 21 | 2015-16 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം 13.4% | 3-2 |
| 22 | നെൽകൃഷിക്ക് വളം വിതരണം - ശാസ്ത്രീയ ശുപാർശകൾ പാലിക്കാതെ കൂടിയ അളവിലെ വള പ്രയോഗത്തിന് സബ്സിഡി നൽകി | 3-3 |
| 23 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് വാങ്ങൽ - 1,57,103/-രൂപയുടെ മരുന്നുകൾ ലഭ്യമായില്ല | 3-4 |
| 24 | മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ പദ്ധതിയ്ക്കായി മരുന്ന് വാങ്ങൽ – വിതരണവിവരങ്ങളും ഇല്ല | 3-5 |
| 25 | പകർച്ചവ്യാധി നിയന്ത്രണ ബോധവത്ക്കരണം - | 3-6 |

| | | |
|---|---|---|
| | മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ പദ്ധതി | |
| 26 | സർക്കാർ നിശ്ചയിച്ച് നൽകിയതിനേക്കാൾ അധിക നിരക്ക് നൽകി കമ്പ്യൂട്ടറുകൾ വാങ്ങി,സ്കൂളുകൾക്കായി വാങ്ങിയ പ്രിന്ററുകൾ ഗ്രാമപഞ്ചായത്തിന് നൽകി. | 3-7 |
| 27 | ജവഹർലാൽ നെഹ്റു ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചിട്ടില്ല | 3-8 |
| 28 | വീട് മെയിന്റനൻസ് (132/ 16) വാല്യുവേഷനും ആവശ്യമായ രേഖകളും ഇല്ലാത്തതിനാൽ 125000/- രൂപ തടസ്സപ്പെടുത്തുന്നു | 3-9 |
| 29 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കിണർ റീചാർജ് പിറ്റ് നിർമ്മാണത്തിന് അർഹമായതിലും അധികം തുക അനുവദിച്ച് നൽകി. | 3-10 |
| 30 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല. | 3-11 |
| 31 | കുന്നിക്കോട് ഗവ. എൽ പി എസ് മെയിന്റനൻസ്- ചെയ്യാത്ത പ്രവൃത്തിക്ക് നല്കി - 4576/- രൂപ നിരാകരിക്കുന്നു. | 3-12 |
| 32 | ഗുണഭോക്തൃ സമിതി വഴി നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 3-13 |
| 32 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, 410000/-രൂപ തടസ്സപ്പെടുത്തുന്നു | 3-14 |
| 33 | സംയുക്ത പ്രോജക്ട് നിർവഹണത്തിനുള്ള മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 3-15 |
| 34 | സമയ ബന്ധിതമായി മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-16 |

| | ഭാഗം 4 | |
|---|---|---|
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 44 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |


## ഭാഗം **1**

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015 തീയതിയിലെ പ്രത്യേക കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-07-2016 | 27.07.2016 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 25-11-2016 | |

#### ന്യൂനതകളുടെ സംഗ്രഹം

1. ടി.എസ്.പി പ്രകാരം 26000/- രൂപ വരവുണ്ടെങ്കിലും വാർഷിക ധന കാര്യപത്രികയിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

2.എല്ലാ ആസ്തികളുടെയും മൂല്യം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ആസ്തികളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

3. സ്റ്റോക്കിൻെറ മൂല്യം ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 49250460 |
| വരവ് | 35763562 |
| ആകെ | 85014022 |
| ചെലവ് | 62584587 |
| നീക്കിയിരിപ്പ് | 22429435 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6136720 | 13733569 | 19870289 | 13987030 | 0 | |
| വികസനഫണ്ട് എസ്.സി.പി. | 4519162 | 1624432 | 6143594 | 2820750 | 0 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 26000 | 26000 | 26000 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 2990068 | 1383541 | 4373609 | 7258510 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4882017 | 876025 | 5758042 | 2873141 | 0 | |
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5657107 | 9783977 | 15441084 | 10167689 | 0 | |
| കെഎൽജിഎസ് ഡി | 5634009 | 3678883 | 9312892 | 4175562 | 0 | |
| എം എൻ ആർ ഇ ജി എസ് | 283809 | 15092873 | 15376682 | 15376669.5 | 12.5 | |
| ബി ഫണ്ട് | 0 | 638482 | 638482 | 638482 | 0 | |

19.09.15ലെ ജി.ഒ (പി) 419/2015/ധന ഉത്തരവ് പ്രകാരം എസ്.സി.പി, കെഎൽജിഎസ് ഡി, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലുള്ള തുകകളിൽ നിന്ന് പൊതു വിഭാഗം വികസന ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക – 13733569 രൂപ

എസ്.സി.പി ഫണ്ടിൽ നിന്നും പൊതു വിഭാഗം വികസന ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക 3322844 രൂപ ( 4519162 + 1624432 = 3322844 + 2820750

കെഎൽജിഎസ് ഡി പി ഗ്രാന്റിൽ നിന്നും പൊതു വിഭാഗം വികസന ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക 5137330 രൂപ. (5634009+3678883= 5137330 + 4157562)

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പൊതു വിഭാഗം വികസന ഫണ്ടിലേക്ക് ട്രാൻസ്ഫർ

ക്രെഡിറ്റ് ചെയ്ത തുക 5273395 രൂപ. (5657107+9783977=10167689+5273395)

റോഡിതര സംരക്ഷണ ഗ്രാൻഡിൽ നിന്നും റോഡ് സംരക്ഷണ ഗ്രാൻഡിനു വകയിരുത്തിയ പ്രവർത്തികൾക്കായി ചെലവഴിച്ച തുക 2884901 രൂപ (4882017+876025=2873141+2884901)

സംരക്ഷണ ഗ്രാൻഡ് (റോഡ് )ഇനത്തിലുള്ള പ്രവർത്തികൾക്കായി റോഡിതര സംരക്ഷണ ഗ്രാൻഡിൽ നിന്നും ലഭ്യമായ തുക 2884901രൂപ ( 2990068+2884901+1383541= 7258510)

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കി യത് (എണ്ണം) | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 325 | 87224074 | 173 | 43974496 | 23 | 129 | 53.23 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 138 % ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4688377 | 3279976 | (-) 1408401 | (- )30% |
| നികുതിയേതര വരവുകൾ | 874190 | 434601 | (-) 439589 | (-) 50 % |
| മറ്റുവരവുകൾ | 9446565 | 32048985 | (+) 22602420 | (+) 239 % |
| ആകെ | 15009132 | 35763562 | (+)20754430 | (+)138 % |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 559560 | 282 |
| കർഷകതൊഴിലാളി പെൻഷൻ | 2624160 | 340 |
| വിധവാപെൻഷൻ | 13518080 | 1359 |
| വാർദ്ധക്യകാലപെൻഷൻ | 8622690 | 993 |
| വികലാംഗപെൻഷൻ | 3630540 | 352 |
| അവിവാഹിത പെൻഷൻ | 343480 | 32 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | ഇല്ല | ഇല്ല |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-11-2016 തീയതിയിൽ 10.45 am ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2422/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് ഉണ്ടാകേണ്ടതാണ്. ഗുണഭോക്തൃ സമിതി രൂപീകരണം യഥാക്രമം നടക്കുന്ന എന്ന് ഉറപ്പുവരുത്തുവാൻ ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.10.2016 | 09/2016 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.03.2016 മുതൽ 31.03.2016 വരെ | 2011-12 മുതൽ 2015-16വരെ | 28-07-2016 |

## ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതിയിനത്തിൽ 2326687/- രൂപ കുടിശ്ശിക

വസ്തു നികുതി കുടിശ്ശികയിനത്തിൽ 2015-16 കാലയളവിൽ 2326687/- രൂപ പഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുണ്ട്. ഈ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കാതിരുന്നാൽ പ്രസ്തുത തുക മൂന്ന് വർഷത്തിന് ശേഷം 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243 (1) – ഉപവകുപ്പ് പ്രകാരം കാലഹരണപ്പെടും എന്നതിനാൽ കുടിശ്ശികത്തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ തയാറാക്കി, പിരിച്ചെടുക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. നികുതി കുടിശ്ശിക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയതു മൂലം കാലഹരണപ്പെടുന്ന തുക കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് പിഴപ്പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്. കൂടാതെ വസ്തു നികുതിയോടൊന്നിച്ച് പിരിക്കേണ്ട ലൈബ്രറി സെസ്സും പിരിച്ചെടുക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2015-16 വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് മിനി ഫിനാൻസ് | IIഅർദ്ധവർഷം |
| 2 | ആവണീശ്വരം സർവ്വീസ് സഹകരണ ബാങ്ക്, റയിൽവേ സ്റ്റേഷൻ ബ്രാഞ്ച് | I&IIഅർദ്ധവർഷം |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ്, ഇളമ്പൽ | IIഅർദ്ധവർഷം |
| 4 | എ പി പി എം വിഎച്ച് എസ് എസ് ആവണീശ്വരം | IIഅർദ്ധവർഷം |
| 5 | എം ഇ എസ് സ്കൂൾ | I&IIഅർദ്ധവർഷം |
| 6 | സെന്റ് ബനഡിക്റ്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | I&IIഅർദ്ധവർഷം |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/22.11.2016) തൊഴിൽ നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. നികുതി പിരിച്ചെടുക്കുവാൻ വേണ്ട ഊർജിത ശ്രമം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഉണ്ടാകേണ്ടതാണ് .

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല കുടിശ്ശിക 35000/- രൂപ

താഴെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | സ്ഥാപനതൊഴിൽ നികുതി |
|---|---|---|---|
| 1 | ഇളമ്പൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 604 | IIഅർദ്ധവർഷം | 1250 |
| 2 | ബി എസ് എൻ എൽ , കുന്നിക്കോട് | I&IIഅർദ്ധവർഷം | 2500 |
| 3 | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ കുന്നിക്കോട് ബ്രാഞ്ച് | IIഅർദ്ധവർഷം | 1250 |
| 4 | കെ എസ് ഇ ബി | I&IIഅർദ്ധവർഷം | 2500 |
| 5 | ഗ്രാമീൺ ബാങ്ക് കുന്നിക്കോട് | IIഅർദ്ധവർഷം | 1250 |
| 6 | കൊല്ലം ജില്ലാ സഹകരണ ബാങ്ക് ഇളമ്പൽ ബ്രാഞ്ച് | I അർദ്ധവർഷം | 1250 |
| 7 | സപ്ലൈക്കോ കുന്നിക്കോട് | I&IIഅർദ്ധവർഷം | 2500 |
| 8 | മുത്തൂറ്റ് ഫിൻകോർപ്പ് ഇളമ്പൽ | I&IIഅർദ്ധവർഷം | 2500 |
| 9 | എസ് ബി റ്റി | I അർദ്ധവർഷം | 1250 |
| 10 | പി ആർ എൻ എം പബ്ലിക്ക് സ്കൂൾ കുന്നിക്കോട് | I&IIഅർദ്ധവർഷം | 2500 |
| 11 | മുത്തൂറ്റ് ഫിൻകോർപ്പ് കുന്നിക്കോട് ബ്രാഞ്ച് | IIഅർദ്ധവർഷം | 1250 |
| 12 | മുത്തൂറ്റ് മിനി ഫിനാൻസ് | IIഅർദ്ധവർഷം | 1250 |
| 13 | ആവണീശ്വരം സർവ്വീസ് സഹകരണ ബാങ്ക് കുന്നിക്കോട് | I അർദ്ധവർഷം | 1250 |
| 14 | ആവണീശ്വരം സർവ്വീസ് സഹകരണ ബാങ്ക് റയിൽവേ സ്റ്റേഷൻ ബ്രാഞ്ച് | I&IIഅർദ്ധവർഷം | 2500 |
| 15 | എം ഇ എസ് സ്കൂൾ | I&IIഅർദ്ധവർഷം | 2500 |
| 16 | എസ് ബി ഐ | IIഅർദ്ധവർഷം | 1250 |
| 17 | ഫെഡറൽ ബാങ്ക് ഇളമ്പൽ ബ്രാഞ്ച് | I അർദ്ധവർഷം | 1250 |
| 18 | സെന്റ് ബനഡിക്റ്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | I&IIഅർദ്ധവർഷം | 2500 |
| 19 | സെന്റ് ഫ്രാൻസിസ് അസീസി സ്കൂൾ കോട്ടവട്ടം | I&IIഅർദ്ധവർഷം | 2500 |
| ആകെ | | | 35000 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ

ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 4/22.11.2016) സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത് . ജീവനക്കാരുടെയും അധികൃതരുടെയും അലംഭാവം നിമിത്തം കുടിശ്ശിക ആയി മാറിയ 35000/- രൂപ പിരിച്ചെടുക്കുവാൻ വേണ്ട ഊർജിത ശ്രമം ബന്ധപ്പെട്ടവരിൽ നിന്നും ഉണ്ടാകേണ്ടതാണ്.

## 2-4 പെർമിറ്റ് ഫീസ് ഈടാക്കിയില്ല - നഷ്ടം 1797/- രൂപ

2015-16 വർഷത്തിൽ പാർപ്പിടാവശ്യത്തിന് വേണ്ടിയുള്ള കെട്ടിട നിർമാണ പെർമിറ്റിനായി അപേക്ഷിച്ച ചുവടെ ചേർത്തിരിക്കുന്ന വ്യക്തികളിൽ നിന്നും പെർമിറ്റ് ഫീസ് ഈടാക്കിയില്ല

| ക്രമ നം | പേര് | കെട്ടിടത്തിന്റെ വിവരം | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | പെർമിറ്റ് തീയതി |
|---|---|---|---|---|
| 1 | ശ്രീ രതീഷ് & ശ്രീമതി വിനീത രതീഷ് | പാർപ്പിടാവശ്യം 111.82 $M^2$ | 111.82x3= 335 | 21-08-15 |
| 2 | ശ്രീ സുരേഷ് കുമാർ | പാർപ്പിടാവശ്യം 120.36 $M^2$ | 120.36x3= 361 | 22-08-15 |
| 3 | ശ്രീ അബ്ദുൽ സിയാദ് | പാർപ്പിടാവശ്യം 102.82 $M^2$ | 102.82 x 3= 308 | 22-08-15 |
| 4 | ശ്രീമതി ഇന്ദിരാ ഭായി | പാർപ്പിടാവശ്യം 139.88 $M^2$ | 139.88 x 3= 420 | 24-08-15 |
| 5 | ശ്രീമതി ശ്യാമള | പാർപ്പിടാവശ്യം 124.30 $M^2$ | 124.30 x 3 = 373 | 24-08-15 |

| | | |
|---|---|---|
| ആകെ | 1797 | |

വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11/25.11.2016) പെർമിറ്റ് ഫീസ് ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത് . ആയതിനാൽ മേൽ വ്യക്തികളിൽ നിന്നോ ഫീസ് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ് .

## 2-5 വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് - 3458/- രൂപ നഷ്ടം

Case 1

ശ്രീമതി സുമതിക്കുട്ടിയമ്മ, പുത്തൻ വീട്, കുന്നിക്കോട് എന്ന വ്യക്തിയുടെ പേരിലുള്ള 136 ച.മീ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിന് വേണ്ടിയുള്ള കെട്ടിടത്തിന് (വാർഡ് 17, കെട്ടിട നം.681) 2015-16 വർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം എസ്.ആർ.ഒ. നമ്പർ 36/2011 ആയി പഞ്ചായത്തുകളിലെ ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പട്ടികപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം 100 ചതുരശ്രമീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് കണക്കാക്കേണ്ട അടിസ്ഥാന വസ്തു നികുതിയായി പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന നിരക്ക് 60/- രൂപയാണ്. എന്നാൽ മേൽ സൂചിപ്പിച്ച വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് മേൽ നിരക്കിലും കുറവായാണ് വസ്തു നികുതി അസസ് ചെയ്തിട്ടുള്ളത്.

| ച.മീറ്റർ | വസ്തു നികുതി നിരക്ക് | ഇളവ് | വർദ്ധനവ് | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് തുക |
|---|---|---|---|---|---|---|
| 136 | 60 | - | 20% | 8160+1632 = 9792 | 6936 | 2856 |

| ഈടാക്കേണ്ട ലൈബ്രറി സെസ്സ് | ഈടാക്കിയ ലൈബ്രറി സെസ്സ് | കുറവ് തുക |
|---|---|---|
| 490 | 345 | 145 |

Case 2

ശ്രീ. സി. വി. ദേവരാജൻ തിരുനിലശേരിയിൽ ഹൗസ്, വിളക്കുടി എന്ന വ്യക്തിയുടെ പേരിലുള്ള 215 ച.മീ തറവിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിന് വേണ്ടിയുള്ള കെട്ടിടത്തിന് (വാർഡ് 14, കെട്ടിട നം.608 ) 2015-16 വർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ച.മീറ്റർ | വസ്തു നികുതി നിരക്ക് | ഇളവ് | വർദ്ധനവ് | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 215 | 7 | - | 20% | 1505+301 = 1806 | 1204 | 602 |

| ഈടാക്കേണ്ട ലൈബ്രറി സെസ്സ് | ഈടാക്കിയ ലൈബ്രറി സെസ്സ് | കുറവ് തുക |
|---|---|---|
| 91 | 61 | 30 |

ഈ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10/25.11.2016) ബാക്കി തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. കുറവായി ഈടാക്കിയ വസ്തു നികുതി, ഗ്രന്ഥശാലാവരി എന്നിവ ഈടാക്കേണ്ടതും 2016-17 സാമ്പത്തിക വർഷത്തിലെ വസ്തു നികുതി ക്രമീകരിക്കേണ്ടതുമാണ് .

## 2-6 അൺ എയ്ഡഡ് സ്കൂൾ കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല .

പഞ്ചായത്ത് പരിധിയിൽ സെന്റ് ഫ്രാൻസിസ് അസീസി സ്കൂൾ കോട്ടവട്ടം , സെന്റ് ബനഡിക്റ്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, എം.ഇ.എസ് സ്കൂൾ എന്നിങ്ങനെ അംഗീകാരം ഇല്ലാത്ത 3 അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല. ഇതു സംബന്ധിച്ച് 25/11/2016-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-12-ന് വസ്തു നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. മേൽ സ്കൂളുകളിൽ നിന്നും വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 2-7 വാടക കുടിശ്ശിക ഈടാക്കിയില്ല - 109684/-രൂപ കുടിശ്ശിക

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള കടമുറികളിൽ ചുവടെ ചേർക്കുന്ന വാടകക്കാരിൽ നിന്നും 2015-16 വർഷത്തെ വാടക കുടിശ്ശിക ഈടാക്കിയില്ല.

| ക്രമ നം | റൂം നം | കൈവശക്കാരന്റെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | ഇളമ്പൽ മാർക്കറ്റ് റൂം നം.1 | ശ്രീ. ഗോപാലകൃഷ്ണൻ | 11/2015 മുതൽ 12/2015 വരെ | 2314 (1157x2) |
| 2 | ഇളമ്പൽ മാർക്കറ്റ് റൂം നം.2 | ശ്രീ. ബിജുകുമാർ | 4/2015 മുതൽ 3/2016 വരെ | 5136 (428x12) |
| 3 | ഇളമ്പൽ മാർക്കറ്റ് റൂം നം.4 | ശ്രീമതി മോളി എം | 3/2016 | 390 |
| 4 | ഇളമ്പൽ മാർക്കറ്റ് റൂം നം.7 | ശ്രീ . തുളസീധരൻ പിള്ള | 4/2015 മുതൽ 3/2016 വരെ | 3264 (272x12) |

| | | | | |
|---|---|---|---|---|
| 5 | ഇളമ്പൽ മാർക്കറ്റ് റൂം നം.9 | ശ്രീ മാഹീൻ | 4/2015 മുതൽ 3/2016 വരെ | 12072 (1006x12) |
| 6 | ഇളമ്പൽ മാർക്കറ്റ് റൂം നം.2 | ശ്രീ ശശിധരൻ നായർ | 4/2015 മുതൽ 3/2016 വരെ | 3096 (258x12) |
| 7 | ഇളമ്പൽ മാർക്കറ്റ് റൂം നം.2a | ശ്രീമതി തങ്കമ്മ | 4/2015 മുതൽ 3/2016 വരെ | 3552 (296x12) |
| 8 | ആവണീശ്വരം ഷോപ്പിംഗ് കോപ്ലക്സ് റൂം നം.6 | പോസ്റ്റ് മിസ്ട്രസ് ആവണീശ്വരം | 4/2015 മുതൽ 3/2016 വരെ | 1560 (130x12) |
| 9 | ആവണീശ്വരം ഷോപ്പിംഗ് കോപ്ലക്സ് റൂം നം.7 | കെ സി എബ്രഹാം | 4/2015 മുതൽ 3/2016 വരെ | 3600 (300x12) |
| 10 | പി എച്ച് സി യ്ക്ക് സമീപം കുന്നിക്കോട് റൂം നം.6 | മുഹമ്മദ് അൻസാരി | 10/2015 മുതൽ 3/2016 വരെ | 19800 (3300x6) |
| 11 | പി എച്ച് സി യ്ക്ക് സമീപം കുന്നിക്കോട് റൂം നം.7 | ബാബു | 10/2015 മുതൽ 01/2016 വരെ | 12000 (3000x4) |
| 12 | പി എച്ച് സി യ്ക്ക് സമീപം കുന്നിക്കോട് റൂം നം.8 | അബ്ദുൾ സലാം | 10/2015 മുതൽ 3/2016 വരെ | 15900 (2650x6) |
| 13 | പി എച്ച് സി യ്ക്ക് സമീപം കുന്നിക്കോട് റൂം നം.10 | താഹ | 10/2015 മുതൽ 3/2016 വരെ | 18000 (3000x6) |
| 14 | ഇളമ്പൽ മാർക്കറ്റ് റൂം നം.2 | രാജേഷ് കുമാർ | 10/2015 മുതൽ 3/2016 വരെ | 4500 (750x6) |
| 15 | ഇളമ്പൽ മാർക്കറ്റ് റൂം നം.3 | ജോസ് | 10/2015 മുതൽ 3/2016 വരെ | 4500 (750x6) |
| | | | ആകെ | 109684 |

ഇത് സംബന്ധിച്ച് 24/11/2016-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-9-ന് വാടക ഈടാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. മേൽ സൂചിപ്പിച്ച കടമുറികളുടെവാടക ഇനത്തിൽ ലഭിക്കാനുള്ള 109684/-രൂപ പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

അല്ലാത്തപക്ഷം ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്. 2015-16വർഷം വരെ കുടിശ്ശിക വരുത്തിയവർ 2016-17 സാമ്പത്തിക വർഷത്തിലും മുറികൾ കൈവശം വച്ചിരിക്കുന്നതായി വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിനു ബോധ്യപ്പെട്ടു. വാടകക്കുടിശ്ശിക പലിശയടക്കം ഈടാക്കുന്നതിനും തുടർച്ചയായി കുടിശ്ശിക വരുത്തുന്നവരെ ഒഴിവാക്കി കടമുറികൾ ലേലം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 രജിസ്റ്ററുകളും, മറ്റ് രേഖകളും തയ്യാറാക്കി സൂക്ഷിക്കുന്നതിലെ വീഴ്ച

വരവ് ഭാഗവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും, മറ്റ് രേഖകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

1) പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ സ്ഥാപന രജിസ്റ്റർ ,വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല . എല്ലാ സ്ഥാപനങ്ങളും വർഷാവർഷം ഡി&ഒ ലൈസൻസ് എടുക്കുന്നുവെന്നും, തൊഴിൽ നികുതി ,സ്ഥാപന തൊഴിൽ നികുതി എന്നിവ കൃത്യമായി അടയ്ക്കുന്നുവെന്നും ഇക്കാരണത്താൽ ഉറപ്പാക്കാൻ കഴിയുന്നില്ല.

2) ലേലവുമായി ബന്ധപ്പെട്ട ലേലഡയറി അപൂർണവും സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെയുമാണ് സൂക്ഷിച്ചിരിക്കുന്നത് .

3) 2015-16 വർഷത്തിൽ പിരിച്ചെടുത്ത തൊഴിൽ നികുതി , വാടക എന്നിവ , ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല . രസീതുകൾ പരിശോധിച്ചാണ് പല വരവുകളും അടയ്ക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിഞ്ഞത് .

4) വരവ് ഭാഗവുമായി ബന്ധപ്പെട്ട ഒരു രജിസ്റ്ററുകളിലും കൃത്യമായ ഡി .സി .ബി സ്റ്റേറ്റ്മെന്റ് എഴുതുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല .

രജിസ്റ്ററുകളിലും, മറ്റ് രേഖകളിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കർശനമായും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിളക്കുടി- മേലില- വെട്ടിക്കവല സംയുക്ത കുടിവെള്ള പദ്ധതി ഭൂമി വാങ്ങൽ (109/16) 120137/- രൂപയുടെ അധിക ചെലവ്. രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 15400/- രൂപ തടസ്സപ്പെടുത്തുന്നു

മേൽ പ്രോജക്ടിനായി ബിൽ നമ്പർ 13 /15-16 തീ 30-09-2015 പ്രകാരം 438720/- രൂപ പിൻവലിച്ച് ശ്രീ രാജഗോപാലൻ നായർ എന്ന വ്യക്തിയിൽ നിന്നും സർവ്വേ നമ്പർ 302/1/37 /380 പ്രകാരമുള്ള 4.4 ആർ വസ്തുവും, ശ്രീമതി മറിയാമ്മാ മാത്യുവിൽ നിന്നും സർവ്വേ നമ്പർ 302/1/165 പ്രകാരമുള്ള 6 ആർ വസ്തുവും വാങ്ങി. ചെലവിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

രാജഗോപാലൻ നായർ - 30613/- രൂപ/ആർ

4.4x30613 = 134697/-രൂപ

30% അധികം -40409/-രൂപ

ആകെ -175106/-രൂപ

മുദ്രപ്പത്രവില- 6%-10506/-രൂപ

ആകെ -185612/-രൂപ

ശ്രീമതി മറിയാമ്മാ മാത്യു- - 30613/- രൂപ/ആർ

6x30613=183678/-രൂപ

30% അധികം -55103/-രൂപാ

ആകെ -238781/-രൂപ

മുദ്രപ്പത്രവില- 6%-14327/-രൂപ

ആകെ-253108/-രൂപ

ആകെ മൊത്തം -438720/-രൂപ

കൊല്ലം റവന്യൂ ഡിവിഷണൽ ഓഫീസറുടെ 17-08-2015 ലെ 16013 /2015 ലെ നടപടിക്രമം പ്രകാരം ശ്രീമതി മറിയാമ്മാ മാത്യുവിന്റെ സർവ്വേ നമ്പർ 302/1/165 പ്രകാരമുള്ള വസ്തുവിന്റെ ന്യായവില ആർ ഒന്നിന് 22230/- രൂപ ആണ്. ഇതു പ്രകാരം ടിയാളിൽ നിന്ന് വാങ്ങിയ ഭൂമിയുടെ വില താഴെ കൊടുക്കും പ്രകാരമാണ് നിർണ്ണയിക്കേണ്ടത്.
ഭൂമി വിലയുടെ നിരക്ക് - 22230/-രൂപ/ആർ

6x22230=133380/-രൂപ

30% അധികം -40014/-രൂപ

ആകെ -173394/-രൂപ

മുദ്രപ്പത്രവില- 6%-10404/-രൂപ

ആകെ-183798/-രൂപ
ഇതു പ്രകാരം ശ്രീമതി മറിയാമ്മാ മാത്യുവിൽ നിന്നും ഭൂമി വാങ്ങുന്നതിന് അധികം ചെലവഴിച്ച തുക (253108-183798) 69310/- രൂപ. അധികം തുക ചെലവഴിച്ച് ശ്രീമതി മറിയാമ്മാ മാത്യുവിൽനിന്നും വസ്തു വാങ്ങിയതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (3/22-11-2016) കൊല്ലം റവന്യൂ ഡിവിഷണൽ ഓഫീസറുടെ 17-08-2015 ലെ 16013/2015 ലെ നടപടിക്രമം പ്രകാരം ശ്രീമതി മറിയാമ്മാ മാത്യുവിന്റെ സർവ്വേ നമ്പർ 302/1/165 പ്രകാരമുള്ള വസ്തുവിന്റെ ന്യായവില ആർ ഒന്നിന് 22230/- രൂപ ആയി നിശ്ചയിച്ച കൊണ്ടുള്ള ഉത്തരവ് ശ്രദ്ധയിൽ പെടാതിരുന്നതു കൊണ്ടാണ് വിളക്കുടി വില്ലേജ് ഓഫീസർ നിർണ്ണയിച്ച നല്കിയ വാല്യുവേഷൻ പ്രകാരം ആർ ഒന്നിന് 30613 രൂപാ പ്രകാരം നല്കിയിട്ടുള്ളത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ ശ്രീമതി മറിയാമ്മാ മാത്യുവിന് വേണ്ടി തുക കൈപ്പറ്റിയ മുക്ത്യാർ ഏജന്റ് ശ്രീ റജി എബ്രഹാം പുത്തേത്ത് ഹൗസ്, അലയമൺ എന്ന ആൾക്ക് അധികം കൈപ്പറ്റിയ തുക തിരികെ ഒടുക്കണമെന്നാവശ്യപ്പെട്ട് കത്ത് നല്കിയിട്ടുണ്ടെന്നും മറുപടി നല്കി.

ശ്രീ രാജഗോപാലൻ നായരുടെ വസ്തുവിന് ജില്ലാ കളക്ടർ നിർണ്ണയിച്ച നല്കിയിട്ടുള്ള വിലസംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാനും. നിർണ്ണയിച്ചിട്ടുള്ള തുകയുടെ

30% കൂടുതൽ നല്കുന്നതിനായി പഞ്ചായത്ത് കമ്മറ്റിയുടെ ഐക്യകണ്ഠേനയുള്ള തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ടി പ്രോജക്ടിനായി ബിൽ നമ്പർ 16/15-16 പ്രകാരം പിൻവലിച്ച 15400/- രൂപയുടെ ചെലവ് സംബന്ധമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാനും പ്രോജക്ടിന്റെ നിലവിലുള്ള സ്ഥിതി വിശദീകരിക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (3/22-11-2016) മറുപടി ലഭ്യമാക്കിയിട്ടില്ല.

ശ്രീ രാജഗോപാലൻ നായരിൽ നിന്നും വാങ്ങിയ വസ്തുവിന്റെ വിലയാധാരം പേജ് -6 -ലെ രെഖപ്പെടുത്തൽ പ്രകാരം ടി വസ്തുവിന്റെ ഫെയർ വാല്യു ഒരു ആറിന് 22230/-രൂപ ക്രമം ആണ്. ഇതു പ്രകാരം ടി വസ്തു വാങ്ങുന്നതിന് ചെലവഴിക്കുവാൻ കഴിയുന്ന തുകയുടെ വിവരം താഴെക്കൊടുക്കുന്നു.

ഭൂമി വിലയുടെ നിരക്ക് - 22230/-രൂപ/ആർ

4.4x22230=97812/-രൂപ

30% അധികം -29344/-രൂപ

ആകെ -127156/-രൂപ

മുദ്രപ്പത്രവില- 6%-7629/-രൂപ

ആകെ -134785/-രൂപ

ഇതു പ്രകാരം ശ്രീ രാജഗോപാലൻ നായരിൽനിന്നും ഭൂമി വാങ്ങുന്നതിന് അധികം ചെലവഴിച്ച തുക (185612-134785) 50827/-രൂപ

1)ടി വസ്തു വാങ്ങലിൽ ആകെ അധികം നല്കിയ തുക 69310 +50827 =120137/- രൂപ അധികം നല്കിയ 120137/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക അധികം തുക കൈപ്പറ്റിയവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ബിൽ നമ്പർ 16/15-16 പ്രകാരം ടി പ്രോജക്ടുമായി ബന്ധപ്പെട്ട് പിൻവലിച്ച 15400/- രൂപയുടെ ചെലവ് സംബന്ധമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 2015-16 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം 13.4% മാത്രം.

2015-16 സാമ്പത്തിക വർഷത്തിൽ അസിസ്റ്റൻറ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കേണ്ടിയിരുന്നത് പട്ടിക ജാതി വിഭാഗത്തിൽ പെട്ടവർക്കായുള്ള 17 പദ്ധതികളും, പൊതു വിഭാഗത്തിലുൾപ്പെട്ട ആശ്രയാ പദ്ധതിയും ഉൾപ്പെടെ ആകെ 18 പ്രോജക്ടുകളയിരുന്നു. ടി പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 2 | ഐ എ വൈ അധിക ധനസഹായം | 520000 | 520000 |

| | | | | |
|---|---|---|---|---|
| 2 | 3 | പട്ടികജാതി വിഭാഗത്തിലെ പ്രൊഫഷണൽ കോളജ് വിദ്യാർത്ഥികൾക്ക് പഠനത്തിന് ധനസഹായം | 675000 | 125000 |
| 3 | 19 | കക്കൂസ് നിർമ്മാണം | 1540000 | 78200 |
| 4 | 34 | പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങി നല്കൽ | 500000 | - |
| 5 | 54 | എസ് സി നഴ്സറി സ്കൂൾ പോഷകാഹാര പരിപാടി | 50000 | 15415 |
| 6 | 55 | എസ് സി വീട് പുനരുദ്ധാരണം | 750000 | 280000 |
| 7 | 67 | എസ് സി കിണർ വക്ക്കെട്ട് | 240000 | - |
| 8 | 91 | എസ് സി കുടിവെള്ള കിണർ നിർമ്മാണം | 340000 | 85000 |
| 9 | 92 | എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നല്കൽ | 250000 | - |
| 10 | 132 | എസ് സി വീട് പുനരുദ്ധാരണം (SO) | 500000 | 125000 |
| 11 | 133 | എസ് സി കിണർ വക്ക് കെട്ട്(SO) | 45000 | - |
| 12 | 134 | പട്ടികജാതി വിഭാഗത്തിലെ പ്രൊഫഷണൽ കോളജ് വിദ്യാർത്ഥികൾക്ക് പഠനത്തിന് ധനസഹായം(SO) | 475000 | - |
| 13 | 135 | കക്കൂസ് നിർമ്മാണം(SO) | 1461800 | 231400 |
| 14 | 136 | കക്കൂസ് നിർമ്മാണം(SO) | 12000 | - |
| 15 | 280 | കാലിത്തൊഴുത്ത് നിർമ്മാണം | 15000 | - |

| | | | | |
|---|---|---|---|---|
| 16 | 281 | കിടാരി വളർത്തൽ | 12000 | - |
| 17 | 306 | പട്ടികജാതി വിഭാഗത്തിന് ഓട്ടോ റിക്ഷാ നല്കൽ | 2000000 | - |
| 18 | 322 | ആശ്രയ | 1500000 | - |
| | | ആകെ | 10885800 | 1460015 |

പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് തുക കൈമാറുവാൻ മാത്രമുള്ള ഐ എ വൈ അധിക ധന സഹായം എന്ന പ്രോജക്ട് മാത്രമാണ് 2015-16 സാമ്പത്തിക വർഷത്തിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ള ഒരേ ഒരു പ്രോജക്ട്. ഈ പ്രോജക്ട് ഉൾപ്പെടെ പദ്ധതി ചെലവ് 13.4% മാത്രമാണ്. പട്ടികജാതി വിഭാഗത്തിൽ സമഗ്ര മാറ്റം വരുത്തുവാൻ കഴിയുന്ന പ്രൊഫഷണൽ കോളജ് വിദ്യാർത്ഥികൾക്ക് പഠനത്തിന് ധനസഹായം, എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നല്കൽ, പട്ടികജാതി വിഭാഗത്തിന് ഓട്ടോ റിക്ഷാ നല്കൽ, പട്ടിക ജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങി നല്കൽ തുടങ്ങിയ പ്രോജക്ടുകൾ ഒന്നും തന്നെ നിർവ്വഹണം നടത്തിയിട്ടില്ല. കൂടാതെ സമൂഹത്തിലെ ഏറ്റവും നിർദ്ധനർക്കായുള്ള ആശ്രയാ പോജക്ടും നടപ്പിലാക്കിയിട്ടില്ല. ഭരണ സമിതിയുടെ സത്വര ശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു. ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-3 നെൽകൃഷിക്ക് വളം വിതരണം- ശാസ്ത്രീയ ശുപാർശകൾ പാലിക്കാതെ കൂടിയ അളവിലെ വള പ്രയോഗത്തിന് സബ്സിഡി നൽകി.

അത്യുൽപാദന ശേഷിയുള്ള ഹ്രസ്വ കാലയിനങ്ങൾ ഉപയോഗിച്ചുള്ള നെൽകൃഷിക്ക് ശുപാർശ ചെയ്തിട്ടുള്ള രാസവളങ്ങളുടെ (പാക്യജനകം/ഭാവഹം/ക്ഷാരം) തോത് കിലോ ഗ്രാം/ഹെക്ടറിന് 70:35:35 എന്ന അനുപാതത്തിലായിരിക്കെ, ഹ്രസ്വകാലയിനമായ കാഞ്ചന വിത്ത് കൃഷി ചെയ്യുന്നതിലേക്ക് 90:45:45 അനുപാതത്തിൽ രാസവളം വാങ്ങി നൽകി.

കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥയായി വികസന ഫണ്ടിൽ നിന്നും 1,94,875/-രൂപയുൾപ്പെടെ 3,34,500/-രൂപ വകയിരുത്തി നടപ്പിലാക്കിയ സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്ടിനായി (പ്രോ. നം 21/14) 18.01.16ലെ ബിൽ നം 2/15-16 പ്രകാരം 1,94,465/-രൂപയിൽ നിന്നും 31590/-രൂപ ചെലവഴിച്ച് കെ.എസ്.എസ്.ഡി.എ തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് 810 kg കാഞ്ചന നെൽവിത്ത് വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. അത്യുത്പാദന ശേഷിയുള്ള ഹ്രസ്വകാലയിനമായ കാഞ്ചന വിത്ത് കൃഷി ചെയ്യുന്നതിലേക്ക് അനുവദിനീയമായ രാസവളത്തിന്റെ തോത് കിലോഗ്രാം/ഹെക്ടറിന് 70:35:35 എന്ന അനുപാതത്തിലായിരിക്കണമെന്ന് വിള പരിപാലന ശാസ്ത്രീയ ശുപാർശകളിൽ വ്യക്തമാക്കിയിരിക്കെ 90:45:45 അനുപാതത്തിൽ വളം വാങ്ങിയതിന് സബ്സിഡി അനുവദിച്ച് നൽകി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പാടശേഖരം | വിസ്തൃതി (ഹെ) | അനുവദിച്ച രാസവളത്തിന്റെ അളവ് (കി.ഗ്രാം.) | | | അനുവദിനീയമായ രാസവളത്തിന്റെ അളവ് (കി.ഗ്രാം.) | | | അധികമായി നൽകിയത് (കി.ഗ്രാം.) | | |
|---|---|---|---|---|---|---|---|---|---|---|
| | | യൂറിയ | രാജ്ഫോസ് | MOP | യൂറിയ | രാജ്ഫോസ് | MOP | യൂറിയ | രാജ്ഫോസ് | MOP |
| വിളക്കുടി | 10 | 1950 | 2250 | 750 | 1530 | 1750 | 590 | 420 | 500 | 160 |

മേൽ സൂചന അപാകതയിൻമേൽ വിശദീകരണം തേടി 23.11.16ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 5ന് നൽകിയ മറുപടിയിൽ മദ്ധ്യകാല മൂപ്പുള്ള ഐശ്വര്യ വിത്ത് ഉപയോഗിച്ചുള്ള കൃഷിയാണ് വിഭാവനം ചെയ്തിരുന്നതെന്നും അതനുസരിച്ച് 90:45:45 എന്ന ശുപാർശ അനുസരിച്ചാണ് വളത്തിന്റെ അളവും സബ്സിഡിയും നിശ്ചയിച്ചതെന്നും ലഭ്യമായ ഐശ്വര്യ വിത്തിന് അംഗുരണ ശേഷി കുറവായതിനാൽ പകരമായി കാഞ്ചന വിത്ത് ഉപയോഗിച്ച് കൃഷി ചെയ്യുകയായിരുന്നുവെന്നും മണ്ണിന്റെ വളക്കൂറ് കുറവായതിക്കണ്ടതിനാൽ വിഭാവനം ചെയ്ത തോതിലുള്ള വളം വാങ്ങുന്നതിന് അനുവാദം നൽകുകയായിരുന്നുവെന്നും 70:35:35 പ്രകാരമുള്ള വളത്തിന്റെ വിലയുടെ 50% മാത്രമേസബ്സിഡിയായി നൽകിയിട്ടുള്ളുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. മണ്ണിന്റെ വളക് കൂറ് കുറവായതിക്കണ്ടതിനാൽ 90:45:45അനുപാതത്തിൽ വളം വാങ്ങുന്നതിന് അനുവാദം നൽകുകയായിരുന്നുവെന്ന മറുപടിയെ സാധൂകരിക്കുന്ന രേഖകളില്ല. വളക്കൂറ് കുറവ് പരിഹരിക്കുന്നതിലേക്ക് അമിത രാസവള പ്രയോഗത്തിന് അവസരമൊരുക്കുന്നത് അഭിലഷണീയമല്ല.

ശാസ്ത്രീയ ശുപാർശകൾ കൃത്യമായി പാലിച്ച് രാസവളത്തിന്റെ തോത് നിശ്ചയിച്ച് നൽകുന്നതിനും തദനുസൃതമായി മാത്രം സബ്സിഡി അനുവദിച്ച് നൽകുന്നതിനും നിർവഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് വാങ്ങൽ - 1,44,027/-രൂപയുടെ മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ സാന്ത്വന പരിപാലന പരിപാടി എന്ന പ്രോജക്റ്റിനായി 28.01.16ലെ ബിൽ നം.11/15-16 പ്രകാരം പിൻവലിച്ച 1,99,999/-രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കിയെങ്കിലും നാളിതുവരെ 1,93,013/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം.തീയതി. | ലഭ്യമായ മരുന്നിന്റെ വില |
|---|---|
| 4703/29.02.16 | 43,337 |
| 4574/23.02.16 | 24,315 |
| 2855/02.06.16 | 26,859 |
| 3322/30.09.16 | 1560 |

| | |
|---|---|
| 3587/10.10.16 | 52,057 |
| 3588/10.10.16 | 19,900 |
| 4096/28.10.16 | 923 |
| 4307/05.11.16 | 24,062 |
| ആകെ | 1,93,013 |

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മരുന്നു വാങ്ങൽ എന്ന പ്രോജക്ടിനായി (നം.28/15- 16) 29.03.16ലെ ബിൽനം.15/15-16 പ്രകാരം പിൻവലിച്ച 1,33,041/-രൂപ സ്നേഹതീരം ചാരിറ്റബിൾ സൊസൈറ്റി, പ്രൊവിഡൻസ് ഹോം കുറ്റിക്കോട് എന്നീ സ്ഥാപനങ്ങൾക്കായി മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കിയെങ്കിലും മരുന്നുകൾ ലഭ്യമായതായി വ്യക്തമാക്കുന്ന രേഖകളില്ല.

മരുന്നുകൾ ലഭ്യമാകത്തതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദവിവരങ്ങൾ തേടി 26.11.16ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സാന്ത്വന പരിപാലന പരിപാടി എന്ന പ്രോജക്ട് പ്രകാരം മരുന്നുകളുടെ വിലയിനത്തിൽ ഒടുക്കിയ തുകകളിൽ ശേഷിക്കുന്ന 6,986/-രൂപയും മരുന്നു വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 1,33,041/രൂപയും ഉൾപ്പെടെ മരുന്നുകളുടെ വിലയിനത്തിൽ ഒടുക്കിയ 1,44,027/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിച്ച് തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-5 മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ പദ്ധതിക്കായി മരുന്ന് വാങ്ങൽ- വിതരണവിവരം ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മരുന്നുവാങ്ങൽ എന്ന പ്രോജക്ടിനായി (നം.28/15-16)13.08.15ലെ ബിൽ നം.4/15-16പ്രകാരം 14,910/-രൂപ പിൻവലിച്ച് നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുണ്ട്.പ്രസ്തുത മരുന്നുകൾ മെഡിക്കൽ ക്യാമ്പിനായി വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നുവെങ്കിലും മെഡിക്കൽ ക്യാമ്പ് സംബന്ധമായ യാതൊരു വിവരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയുടെ ഭാഗമായി വിദൂര പ്രദേശങ്ങളിലെ പട്ടിക വർഗസങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിന് മാത്രമാണ് 16.11.2013ലെ സ.ഉ.(എം.എസ്.)നം.362/2013/തദ്ദേശ സ്വയം ഭരണ വകുപ്പ് ഉത്തരവ് പ്രകാരമുള്ള പദ്ധതി ആസൂത്രണ സബ്സിഡി മാർഗരേഖയിൽ അനുമതി നൽകിയിട്ടുള്ളത്.ആയതിനാൽ തദ്ദേശസ്വയഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് മെഡിക്കൽ ക്യാമ്പിലേയ്ക്ക് മരുന്ന് വാങ്ങുന്നതിന് ഉപയോഗപ്പെടുത്തിയത് മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

മേൽസൂചന അപാകതയിന്മേൽ വിശദീകരണം തേടി 26.11.16ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 14,910/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-6** <u>പകർച്ചവ്യാധി നിയന്ത്രണ ബോധവൽക്കരണം - മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ പദ്ധതി</u>

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പകർച്ചവ്യാധി നിയന്ത്രണ ബോധവത്ക്കരണം എന്ന പ്രോജക്ടിനായി (നം.32/15-16) 08.09.15ലെ ബിൽ നം.6/15-16പ്രകാരം 10,000/-രൂപ പിൻവലിച്ച് ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഫോഗിംഗ് നടത്തുകയും 28.03.16ലെബിൽ നം.17/15-16 പ്രകാരം 13,300/-രൂപ പിൻവലിച്ച് സ്കൂൾ ഹെൽത്ത് പരിപാടിയും ബോധവൽക്കരണ അനൗൺസ്മെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്. ഉത്പാദനപരമല്ലാത്ത ബോധവത്ക്കരണ പരിപാടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ലായെന്ന് 16.11.2013ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പദ്ധതി ആസൂത്രണ സബ്സിഡി മാർഗ രേഖയിൽ വ്യക്തമാക്കിയിരിക്കെ മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ബോധവൽക്കരണ അനൗൺസ്മെന്റിനായി തുക ചെലവഴിച്ചത്.

മേൽസൂചന അപാകതയിന്മേൽ വിശദീകരണം തേടി 26.11.16ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച 13,300/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## **3-7** <u>സർക്കാർ നിശ്ചയിച്ച് നൽകിയതിനേക്കാൾ അധിക നിരക്ക് നൽകി കമ്പ്യൂട്ടറുകൾ വാങ്ങി, സ്കൂളുകൾക്കായി വാങ്ങിയ പ്രിന്ററുകൾ ഗ്രാമപഞ്ചായത്തിന് നൽകി.</u>

ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ ഗവൺമെൻറ് സ്കൂളുകൾക്ക് കമ്പ്യൂട്ടർ എന്ന പ്രോജക്ടിനായി (നം.130/15-16) 28.03.16 ലെ ബിൽ നം.1/15-16 പ്രകാരം പിൻവലിച്ച 3,25,600/-രൂപ നൽകി 16.02.16ലെ ITBG/15-16/7575/ITP/2478നം. ഇൻവോയ്സ് പ്രകാരം 11 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും 30.03.16ലെ ബിൽ നം.2/15-16 പ്രകാരം പിൻവലിച്ച 82,940/-രൂപ നൽകി 29.02.16ലെ ITBG/15-16/7679/ITP/2690 നം. ഇൻവോയ്സ് പ്രകാരം 11 പ്രിന്ററുകളും വാങ്ങിയിട്ടുണ്ട്. എന്നാൽ സ്കൂളുകളിൽ അവശ്യമുള്ള കമ്പ്യൂട്ടറുകൾക്ക് സർക്കാർ നിശ്ചയിച്ച് നൽകിയതിനേക്കാൾ അധിക നിരക്ക് നൽകിയാണ് വാങ്ങിയിരിക്കുന്നത്.

16.02.16ലെ ITBG/15-16/7575/ITP/2478 നം. ഇൻവോയ്സ് പ്രകാരം വിതരണം ചെയ്ത KELTRON PC Dual core 3240 Processor, intel chips based Mother board, 40GB DDR III RAM, 500GB SATA HDD, 18.5 wide LED Monitor, Key board and Optical Mouse, DVD Writer, Integrated Graphics and Ethernet, ATX cabinet, Linux preloded എന്ന സ്പെസിഫിക്കേഷനിലുള്ള ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്ക്, കമ്പ്യൂട്ടറൊന്നിന് നികുതിയൊഴികെ 28190/- രൂപ വീതമാണ് കെൽട്രോൺ ഈടാക്കിയിട്ടുള്ളത്. എന്നാൽ സ്കൂളുകളിൽ വിതരണം ചെയ്യുന്ന ICT ഉപകരണങ്ങൾക്കുള്ള കുറഞ്ഞ സ്പെസിഫിക്കേഷനുകളും പരമാവധി വിലയും നിശ്ചയിച്ചു കൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച 05.12.14ലെ NEP3/62736

/2012/DPI നം. ഉത്തരവ് പ്രകാരം ഇതേ സ്പെസിഫിക്കേഷനിലുള്ള ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്ക്, കമ്പ്യൂട്ടറൊന്നിന് നികുതിയൊഴികെ നൽകാവുന്ന പരമാവധി വില 24,100/-രൂപയാണ്. 24.01.16ൽ പുറപ്പെടുവിച്ച NEP3/10192/15/DPI നം. ഉത്തരവിൽ പോലും ഇതേ സ്പെസിഫിക്കേഷനിലുള്ള ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്ക്, കമ്പ്യൂട്ടറൊന്നിന് നികുതിയൊഴികെ നൽകാവുന്ന പരമാവധി വില 24,830/-രൂപയാണ്.

പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെ സ്കൂളുകളിൽ ICT ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായി നിശ്ചയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള IT@School പ്രോജക്ട് കരാറിൽ ഏർപ്പെടുകയും ചെയ്തിരിക്കെ ടെക്നിക്കൽ കമ്മിറ്റി ശുപാർശയെ ആധാരമാക്കി നിർണയിക്കപ്പെട്ട സ്പെസിഫിക്കേഷനിലുള്ള ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന് അധിക നിരക്ക് കെൽട്രോൺ തന്നെ ഈടാക്കിയത് ക്രമരഹിതമാണ്.

റോഡിതര സംരക്ഷണഗ്രാന്റ് ഉപയോഗിച്ച് സ്കൂളുകൾക്കായി വാങ്ങിയ രണ്ട് പ്രിന്ററുകൾ നിർവഹണോദ്യോഗസ്ഥ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ആവശ്യകത പരിഗണിക്കാതെ ഉപകരണങ്ങൾ വാങ്ങിയതും, റോഡിതര സംരക്ഷണഗ്രാന്റ് ഉപയോഗിച്ച് വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്കായി വാങ്ങിയ ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിന് കൈമാറിയതും മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് .

മേൽസൂചന അപാകതയിന്മേൽ വിശദീകരണം തേടി 26.11.16ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല ആയതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരം നിശ്ചയിച്ച് നൽകിയതിനേക്കാൾ അധികമായി നൽകിയ 47245/-രൂപ (28,190.48x11+5%നികുതി - 24,100x11+5%നികുതി =3,25,600 – 2,78,355 =47,245/-) ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിർണയിച്ച് തുടർ നടപടികൾ സ്വികരിക്കുന്നതാണ്.

സ്കൂളുകൾക്കായി വാങ്ങുകയും ഗ്രാമപഞ്ചായത്തിന് കൈമാറുകയും ചെയ്ത രണ്ട് പ്രിന്ററുകളുടെ വിലയായ 15080/-രൂപ (7180.95x2+5%നികുതി) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യകത പരിഗണിക്കാതെ പ്രിന്ററുകൾ വാങ്ങിയതിന് മതിയായ വിശദീകരണം നൽകുകയും അല്ലാത്തപക്ഷം പ്രിന്ററുകൾ ഗ്രാമപഞ്ചായത്തിൽ നിന്ന് തിരികെ ഈടാക്കി സ്കൂളുകൾക്ക് നൽകിയും തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-8 ജവഹർലാൽ നെഹ്രു ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, നിർവ്വഹണം നടത്തിയ നെഹ്രു ഭവന നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം (നം.10/16) ഭവന നിർമാണം ആരംഭിച്ച് വിവിധ ഗഡുക്കൾ കൈപ്പറ്റിയ 20 ഗുണഭോക്താക്കളിൽ 11 പേരും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കളുടെയും കൈപ്പറ്റിയ തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ഗുണഭോക്താവിന്റെ പേരും | കൈപ്പറ്റിയ തുക | ഡി.ഡി.നമ്പർ തീയതി |
|---|---|---|---|

| നം. | വിലാസവും | | |
|---|---|---|---|
| 1 | ശ്രീമതി മാധവിയമ്മ<br>താഴെ ചരുവിള പുത്തൻവീട്.<br>കുളപ്പുറം. | 20,000 | 987683/20.01.16 |
| | | 60,000 | 989382/26.02.16 |
| | | 60,000 | 991639/06.04.16 |
| | | 40,000 | 844716/06.10.16 |
| 2 | ശ്രീമതി കുഞ്ഞേലി യോഹന്നാൻ<br>തേക്കിൻകാട്ടിൽ പടിഞ്ഞാറ്റതിൽ<br>ഇളമ്പൽ | 80,000 | 987686/20.01.16 |
| | | 60,000 | 989384/26.02.16 |
| | | 40,000 | 991627/06.04.16 |
| 3 | ശ്രീമതി.ബിന്ദു<br>വാഴവിള പുത്തൻവീട്<br>ഇളമ്പൽ | 20,000 | 987681/20.01.16 |
| | | 60,000 | 989883/26.02.16 |
| | | 60,000 | 990065/17.03.16 |
| 4 | ശ്രീമതി.ജുനൈദ<br>മരുതിവിള വീട്, കാര്യറ | 20,000 | 987682/20.01.16 |
| 5 | ശ്രീമതി.രമാരാജൻ<br>ഗായത്രി, മഞ്ഞമൺകാല | 20,000 | 987675/20.01.16 |
| 6 | ശ്രീമതി.കുമാരി, ശ്രീഭവൻ<br>കുന്നിക്കോട്. | 20,000 | 987679/20.01.16 |
| | | 60,000 | 989387/26.02.16 |
| | | 60,000 | 990071/17.03.16 |
| | | 40,000 | 991633/06.04.16 |

| | | | |
|---|---|---|---|
| 7 | ശ്രീമതി.ചിന്നമ്മ മുത്തോട്ട് ചരുവിള ആവണീശ്വരം. | 20,000 | 987680/20.01.16 |
| | | 60,000 | 989388/26.02.16 |
| | | 1,00,000 | 991475/07.04.16 |
| 8 | ശ്രീമതി.കെസിയാ ജോസഫ്,ജോസ് വിലാസം എലിക്കോട്. | 20,000 | 457877/20.02.16 |
| 9 | ശ്രീമതി.അനിലാ സുരേഷ് ഇന്ദിരാസദനം, എലിക്കോട് | 20,000 | 989377/26.02.16 |
| | | 60,000 | 990073/17.03.16 |
| | | 60,000 | 991635/06.04.16 |
| | | 40,000 | 84719/06.10.16 |
| 10 | ശ്രിമതി.മണി, സിമിസദനം എലിക്കോട് | 20,000 | 990075/17.03.16 |
| | | 60,000 | 991637/06.04.16 |
| | | 60,000 | 844720/06.10.16 |
| 11 | ശ്രിമതി.റയിച്ചൽ ജോയി കുറ്റിവിളവടക്കതിൽ ഇളമ്പൽ | 80,000 | 991638/06.04.16 |
| | | 80,000 | 991638/06.04.16 |
| | | 1,00,000 | 844721/06.10.16 |

മേൽ അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/26.11/2016) ക്രമ നം. 5, 8 പ്രകാരമുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ താമസിച്ചിരിക്കുകയാണെന്നും ക്രമ നം. 1, 2, 3, 6, 7, 9, 11 എന്നിവ പ്രകാരമുള്ള ഗുണഭോക്താക്കൾ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞുവെന്നും ക്രമ നം. 10 പ്രകാരമുള്ള ഗുണഭോക്താവ് മേൽക്കൂര വാർക്കാനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും ക്രമ നം. 4 പ്രകാരമുള്ള ഗുണഭോക്താവിന്റെ വീടിൻെറ അടിത്തറയുടെ വിസ്തീർണ്ണം ഭവന പദ്ധതിയുടെ മാനദണ്ഡത്തിനേക്കാൾ കൂടുതലാകയാൽ പ്രവൃത്തികൾ നിർത്തി വച്ചിരിക്കുകയാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഭവന നിർമാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 14,20,000/-രൂപ

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭവന പൂർത്തീകരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തവരിൽ നിന്നും മാനദണ്ഡം പാലിക്കാത്തവരിൽ നിന്നും നിയമാനുസൃത പലിശ സഹിതം തുക തിരികെ ഈടാക്കിയും തടസ്സം തീർപ്പാക്കേണ്ടതാണ്.

**3-9** വീട് മെയിന്റനൻസ് **(132/ 16)** വാല്യുവേഷനും ആവശ്യമായ രേഖകളും ഇല്ലാത്തതിനാൽ **125000/-** രൂപ തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വീട് മെയിന്റനൻസ് (132/ 16)പ്രോജക്ടിന്റെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

ടി പ്രോജക്ടിനായി ബിൽ നമ്പർ (2/15-16/29-10-2015) പ്രകാരം 125000/- രൂപാ പിൻവലിച്ച് താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്.

| ക്രമ നം. | ഗുണ ഭോക്താവിന്റെ പേര് | നല്കിയ തുക |
|---|---|---|
| 1 | ശ്രീ അശോകൻ | 15000 |
| 2 | ശ്രീമതി, ഗോമതി,സുഭാഷ് ഭവനം | 25000 |
| 3 | ശ്രീമതി രാജമ്മ,ഗോകുല വിലാസം | 25000 |
| 4 | ശ്രീമതിഓമന, മുകളുവിള താഴതിൽ | 15000 |
| 5 | ശ്രീ. കൊച്ചു പൊടിയൻ,കുന്നത്തുവീട് | 15000 |
| 6 | ശ്രീമതി ലക്ഷ്മി,രേവതി ഭവൻ | 15000 |
| 7 | ശ്രീമതി ഗീത,കാർത്തിക ഭവൻ | 15000 |
| | ആകെ | 125000 |

ഗവൺമെൻറ് ഉത്തരവ് (കയ്യെഴുത്ത് ) 362 /2013 / തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രകാരം എൽ എസ് ജി ഡി എഞ്ചിനീയർ അളവ് എടുത്ത ശേഷമായിരിക്കണം ഭവന പുനരുദ്ധാരണത്തിന്റെ സബ്സിഡി നല്കേണ്ടത്. കൂടാതെ ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ച് അർഹത ഉറപ്പുവരുത്തേണ്ടതാണ്. ഇപ്രകാരം ക്രമ പ്രകാരമല്ലാതെ സബ്സിഡി തുക വിതരണം നടത്തിയതു സംബന്ധിച്ച്

വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (15/26-11-2016) അർഹത നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടാണ് സബ്സിഡി നല്കിയിട്ടുള്ളത് എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. ആവശ്യമായ രേഖകളുടേയും വാല്യുവേഷന്റേയും അഭാവത്തിൽ ടി പ്രോജക്ടിനായി ചെലവഴിച്ച 125000/-രൂപ തടസ്സപ്പെടുത്തുന്നു.

## **3-10** <u>മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കിണർ റീചാർജ് പിറ്റ് നിർമ്മാണത്തിന് അർഹമായതിലും അധികം തുക അനുവദിച്ച് നൽകി.</u>

തൊഴിലാളികൾക്കുള്ള ഔട്ട്ടേൺ 55% മാത്രമാണ് എന്ന് നിശ്ചയിച്ച് ഡാറ്റ തയ്യാറാക്കിയതുമൂലം മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കിണർ റീചാർജ് പിറ്റ് നിർമ്മിക്കുന്നതിലേയ്ക്ക് അർഹമായതിലും അധികം തുക നൽകി.

കട്ടിയുള്ള മണ്ണ് കിളച്ചുമാറ്റുന്ന പ്രവൃത്തിയ്ക്ക് ആവശ്യമായ തൊഴിൽ ദിനം SDB ഇനം നം.57 പ്രകാരം 10 ക്യൂബിക് മീറ്ററിന് 5.475 മനുഷ്യദിനം ആയിരിക്കെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2.16 ക്യൂബിക് മീറ്റർ അളവിൽ (1.5x1.2x1.2) മഴക്കുഴി നിർമ്മിയ്ക്കുന്നതിന് നൽകാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു.

<u>കട്ടിയുള്ള മണ്ണ് കിളച്ചുമാറ്റുന്ന പ്രവൃത്തി</u>

10 ക്യൂബിക് മീറ്ററിന് ആവശ്യമായ

മനുഷ്യദിനം :5.475

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒരു മനുഷ്യദിനത്തിന് നൽകാവുന്ന കൂലി :229/-രൂപ

10ക്യൂബിക് മീറ്ററിന് നൽകാവുന്ന കൂലി :5.475x229 =1253.77

2.16ക്യൂബിക് മീറ്റർ അളവിൽ മഴക്കുഴി നിർമിയ്ക്കുന്നതിന് നൽകാവുന്ന
മനുഷ്യദിനം :5.475x2.16/10 = 1.1826

2.16ക്യൂബിക് മീറ്റർ അളവിൽ മഴക്കുഴി നിർമിയ്ക്കുന്നതിന് നൽകാവുന്ന
നിരക്ക് :1.1826x229 = 270.81

=271/-രൂപ

<u>തൊഴിലാളികൾക്കുള്ള ഔട്ട്ടേൺ 55% മാത്രമാണ്എന്ന് നിശ്ചയിച്ച് ഡാറ്റ തയ്യാറാക്കി നൽകിയ നിരക്ക്</u>

10 ക്യൂബിക് മീറ്ററിന് നൽകാവുന്ന

കൂലി :5.475x229 =1253.77

ഔട്ട്ടേൺ 55% മാത്രമാണ് എന്ന് കണക്കാക്കുമ്പോൾ നൽകാവുന്ന
കൂലി = 1253.77/5.5 ക്യൂബിക് മീറ്റർ

ആയതിനാൽ 2.16ക്യൂബിക് മീറ്റർ അളവിൽ മഴക്കുഴിനിർമിയ്ക്കുന്നതിന്

നൽകിയ നിരക്ക് : 1253.77/5.5x2.16 = 492.38

=492/- രൂപ

അധികമായി കണക്കാക്കിയ നിരക്ക് :492(-)271 = 221/-രൂപ

2.16 ക്യൂബിക് മീറ്റർ അളവിൽ മഴക്കുഴി നിർമിയ്ക്കുന്നതിന് നൽകാവുന്ന മനുഷ്യദിനം 1.1826 ആയിരിക്കെ 2 മനുഷ്യദിനം കണക്കാക്കി വിവിധ പ്രവൃത്തികൾക്കുള്ള വേതനം നൽകിയിരിക്കുന്നു. ചെറുകിട – നാമമാത്ര കർഷകർ എന്നിവരുടെ പുരയിടങ്ങളിൽ കിണർ റീചാർജ് പിറ്റ് നിർമാണം എന്ന പേരിൽ വിവിധ വാർഡുകളിൽ വിവിധ നമ്പരുകൾ പ്രകാരം നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.(നൽകിയ നിരക്ക് = 2 മനുഷ്യദിനം x 229 = 458, നൽകാവുന്ന നിരക്ക് = 1.1826 x 229 = 271)

| ക്രമ നം. | പ്രോജക്റ്റ് നം./ വാർഡ് നം. | എം.ബുക്ക് നം. | ബിൽ തുക | നിർമിച്ച മഴക്കുഴികൾ | മഴക്കുഴികൾക്ക് നൽകിയ തുക | നൽകാവുന്ന തുക | അധികമായി നൽകിയ തുക |
|---|---|---|---|---|---|---|---|
| 1. | 34/15-16 BPL/SC വാർഡ് 11 | 26/15-16 | 12,836 | 27 | 12,366 (27x458) | 7317 | 5049 |
| 2 | 20/15-16 BPL/SC വീർഡ് 9 | 11/15-16 | 28,280 | 60 | 27480 | 16,260 | 11,220/- |
| 3 | 26/15-16 BPL/SC വാർഡ് 8 | 28/15-16 | 26926 | 57 | 26106 | 15,447 | 10,859 |
| 4 | 22/15-16 BPL/SC വാർഡ്5 | 13/15-16 | 25472 | 54 | 24732 | 14,634 | 10,098 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 28/15-16 BPL/SC വാർഡ് 13 | 27/15-16 | 19906 | 42 | 19,236 | 11382 | 7854 |
| 6 | 33/15-16 BPL/SC വാർഡ് 12 | 22/15-16 | 14708 | 31 | 14198 | 8401 | 5797 |
| 7 | 21/15-16 BPL/SC വാർഡ് 20 | 12/15-16 | 20792 | 44 | 20,152 | 11,924 | 8228 |
| 8 | 27/15-16 BPL/SC വാർഡ് 19 | 24/15-16 | 11900 | 25 | 11450 | 6775 | 4675 |
| 9 | 23/15-16 BPL/SC വാർഡ് 1 | 23/15-16 | 20792 | 44 | 20152 | 11924 | 8228 |
| 10 | 32/15-16 BPL/SC വാർഡ് 10 | 25/15-16 | 22664 | 48 | 21984 | 13,008 | 8976 |
| | ആകെ | | | | | | 80984 |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/26.11.16) കൊല്ലം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ കിണർ റീചാർജിംഗ് പദ്ധതിയുടെ ഭാഗമായി നിർബന്ധപൂർവം ഏറ്റെടുപ്പിച്ച പദ്ധതിയാണെന്നും മഴക്കുഴി നിർമിക്കുന്നതിന് നൽകിയ നിരക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ഇ-മെയിൽ സന്ദേശത്തെ ആധാരമാക്കി തയ്യാറാക്കിയതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടി അധിക നിരക്ക് കണക്കാക്കിയ നടപടിയെ സാധൂകരിക്കുന്നതല്ല. ആയതിനാൽ കിണർ റീചാർജ് പിറ്റ് നിർമാണത്തിനായി അധികമായി നൽകിയ 80,984/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. നിരക്ക് കണക്കാക്കിയതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-11** <u>മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല.</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം സ്ഥായിയായതും ഉല്പാദന ക്ഷമവുമായ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുക എന്നതും ലക്ഷ്യമാക്കി തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.12ലെ സ.ഉ.(കൈ)നം.93/12/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും സിമന്റ് കോൺക്രീറ്റ് റോഡുകൾ ഉൾപ്പെടെയുള്ള ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാമെന്ന് 02.02.12ലെ സ.ഉ.(സാധാ)നം.334/12/ത.സ്വ.ഭ.വ ഉത്തരവിലും സ.ഉ.(കൈ)നം.93/12/ത.സ്വ.ഭ.വ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം സാധന സാമഗ്രികൾ വാങ്ങി നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കണമെന്ന് 30.03.15ലെ ടി.ടി 2/116/2015 /എൽ.എസ്.ജി.ഡി.നമ്പർ സർക്കുലറിലും ഓരോ ഗ്രാമപഞ്ചായത്തിലും വേതനം സാധനഘടകങ്ങൾ എന്നിവ 60:40 എന്ന അനുപാതത്തിൽ നില നില്ക്കത്തക്ക രീതിയിൽ സാധന ഘടകങ്ങൾ ആവശ്യമുള്ള മറ്റു പ്രവൃത്തികളുടെ കൂടെ പരമാവധി റോഡു പ്രവൃത്തികളും ഏറ്റെടുക്കണമെന്ന് 24.06.15ലെ സ.ഉ.(കൈ)നം.202/15/ത.സ്വ.ഭ.വ ഉത്തരവിലും വ്യക്തമാക്കുകയും 2015-16ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വിവിധ പ്രവൃത്തികൾക്ക് ജില്ലാതല പ്രൊക്യുർമെന്റ് കമ്മിറ്റി അംഗീകരിച്ച് നൽകിയ സാധന സാമഗ്രികൾക്കുള്ള വിലകളും വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികൾക്കുള്ള കൂലിയും 20.07.15 ലെ എ1.539/15 നമ്പർ കത്ത് പ്രകാരം ജോയിൻറ് ഡെപ്യൂട്ടി കമ്മീഷണർ അറിയിക്കുകയും ചെയ്തുവെങ്കിലും സാധന ഘടകങ്ങൾ ഉപയോഗിച്ചുള്ള യാതൊരു പ്രവൃത്തികളും ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. കിണർ റീചാർജിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികളിലും വേതന ഘടകം മാത്രമുള്ള പ്രവൃത്തികളാണ് നിർവഹിച്ചിട്ടുള്ളത്.

സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ നടപ്പലാക്കാത്തത് സംബന്ധിച്ച് വിശദീകരണം തേടി 26.11.16ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം. 17 ന് ബ്ലോക്ക് തലത്തിലെ ഏകോപനമില്ലായ്മ മൂലമാണ് സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുന്ന പദ്ധതികൾ ഏറ്റെടുക്കുവാൻ കഴിയാതെ പോയതെന്നും നിർമാണത്തിന് ആവശ്യമായ സാധന സാമഗ്രികളുടെ അംഗീകൃത നിരക്ക് പത്തനാപുരം ബ്ലോക്ക് തലത്തിൽ അംഗീകരിച്ച് നൽകിയിട്ടില്ലായെന്നും ഇപ്പോൾ ബ്ലോക്ക് തലത്തിൽ മെറ്റീരിയൽ വർക്ക് ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നതായും മറുപടി നൽകിയിട്ടുണ്ട്.

മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 <u>കുന്നിക്കോട് ഗവ. എൽ പി എസ് മെയിന്റനൻസ്- ചെയ്യാത്ത് പ്രവൃത്തിക്ക് നല്കിയിട്ടുള്ള 4576/- രൂപ നിരാകരിക്കുന്നു</u>

പ്രവൃത്തി- കുന്നിക്കോട് ഗവ. എൽ പി എസ് മെയിന്റനൻസ്

കരാർ- 31/AE/LSGD/VP/15-16/04-11-2015

അടങ്കൽ തുക-250000/- രൂപ

അളവു പുസ്തകം-43,44/15-16

ഗുണഭോക്തൃ സമിതി കൺവീനർ- ഹെഡ്മിസ്ട്രസ്, ഗവ. എൽ പി എസ്, കുന്നിക്കോട്.

ബിൽ തുക -245586/- രൂപ

ബിൽ നമ്പർ -39/15-16/31-12-2015

കുന്നിക്കോട് ഗവ. എൽ പി എസ് മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ പത്താമത് ഇനമായി 183.45 ചതുരശ്ര മീറ്റർ സിറാമിക് ടൈൽസ് പാകിയതിന് ചതുരശ്ര മീറ്ററിന് 738/- രൂപ നിരക്കിൽ 135386/-രൂപ നല്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് അളവെടുത്തതിൽ 177.25 ചതുരശ്ര മീറ്റർ പ്രതലത്തിൽ മാത്രമേ സിറാമിക് ടൈൽസ് പാകിയിട്ടുള്ളൂ എന്ന് കാണുന്നു. 6.2 ചതുരശ്ര മീറ്റർ ചെയ്യാത്ത പ്രവൃത്തിക്ക് 4576/-രൂപ(6.2x738=4576/-) നല്കിയിട്ടുണ്ട്. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-13 <u>ഗുണഭോക്തൃ സമിതി വഴി നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.</u>

2015-16 സാമ്പത്തിക വർഷത്തിൽ നടത്തിയിട്ടുള്ള എല്ലാ മരാമത്ത് പ്രവൃത്തികളുടേയും നിർവ്വഹണം ഗുണഭോക്തൃ സമിതി വഴിയാണ് നടത്തിയിട്ടുള്ളത്. ടി പ്രവൃത്തികളിൽ സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ രേഖയിലെ പല നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല. കേരളാ പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 13 വകുപ്പിൽ ഗുണഭോക്തൃ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇവയിൽ മിക്ക നിർദ്ദേശങ്ങളും പാലിക്കപ്പെട്ടിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

1. ഗുണഭോക്തൃ സമിതി ഒരു കടലാസ് സംഘടന മാത്രമായി തീരാതിരിക്കുവാനും, കൺവീനർ സ്വന്തം നിലയിൽ ഒരു കരാറുകാരനെപ്പോലെ പ്രവൃത്തിക്കാതിരിക്കുവാനും ഗുണഭോക്തൃ സമിതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ എല്ലാവരും ചേർന്ന് പഞ്ചായത്തുമായി കരാറിലേർപ്പെടേണ്ടതാണ്. ഇപ്രകാരം ഒരു പ്രവൃത്തിയിലും കരാർ ഉണ്ടാക്കിയിട്ടില്ല.

2. മസ്റ്റർ റോൾ ക്രമ പ്രകാരം തയ്യാറാക്കിയിട്ടില്ല.

3. വരവ്-ചെലവു കണക്കുകൾ കൃത്യമായി രേഖപ്പെടുത്തൽ വരുത്തി, വൗച്ചർ നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.

4.മിക്ക ഗുണഭോക്തൃ സമിതികളുടേയും പ്രവർത്തനം രൂപീകരണ യോഗത്തിൽ അവസാനിക്കുന്നു.
5.ഫൈനൽ ബില്ല് ലഭിച്ചതിനു ശേഷം ഗുണഭോക്താക്കളുടെ യോഗം ചേർന്ന് വരവ്- ചെലവ് കണക്കുകൾ അവതരിപ്പിക്കണം. ആവശ്യമായ വിശദീകരണങ്ങൾ നല്കണം. കമ്മറ്റി പിരിച്ചുവിട്ട് ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കണം.
6.പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച് മോണിറ്ററിംഗ് സമിതി ഒരു പ്രവൃത്തിയിലും സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

സുതാര്യമായും, ബിനാമി ഇടപാടുകൾക്ക് ഇട വരുത്താതെയും നിർവ്വഹണം നടത്തുന്നതിനായുള്ള സർക്കാർ നിർദ്ദേശങ്ങൾ ഗുണഭോക്തൃ സമിതി വഴി നിർവ്വഹണം നടത്തുന്ന എല്ലാ മരാമത്ത് പ്രവൃത്തികളിലും കൃത്യമായി പാലിക്കപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ സവിശേഷ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-14 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - 410000/-രൂപ തടസ്സപ്പെടുത്തുന്നു

താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ നല്കിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നമ്പർ | തുക കൈപ്പറ്റിയ സ്ഥാപനം | തുക (രൂപ) |
|---|---|---|---|---|---|
| 1 | കാര്യറ ഫാമിലി സെന്റർ കെട്ടിട നിർമ്മാണം | അസിസ്റ്റൻറ് എഞ്ചിനീയർ | ചെക്ക് നമ്പർ 0668666/ 28-09-2015 | സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ ആർ എച്ച് എം,കൊല്ലം | 260000 |
| 2 | ഡി പി സി കെട്ടിടത്തിന് പഞ്ചായത്ത് വിഹിതം (11816) | സെക്രട്ടറി | 35-15-16/ 31-03-2016 | ജില്ലാ കളക്ടർ,കൊല്ലം | 50000 |
| 3 | സാമൂഹ്യ സുരക്ഷാ മിഷന് പ്രവർത്തനവിഹിതം നല്കൽ | സെക്രട്ടറി | 02- 15-16 / 19-09-2015 | എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം | 100000 |

| | | | | | |
|---|---|---|---|---|---|
| | | | | ആകെ | 410000 |

പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-15 സംയുക്ത പ്രോജക്ട് നിർവഹണത്തിനുള്ള മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി വികസന ഫണ്ടിൽ നിന്നും 1,94,875/-രൂപയും ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളായി യഥാക്രമം 9,000/-രൂപയും 15,000/-രൂപയും വകയിരുത്തി നടപ്പിലാക്കിയ സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്ടിനായി(പ്രോ. നം 21/14) 19.03.16ലെ ഡി.ഡി.നം. 833061 പ്രകാരം 9,000/-രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും15,000/-രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായത് ഉഴവു കൂലിയിനത്തിൽ പാടശേഖരസമിതി കൺവീനർക്ക് നൽകിയിട്ടുണ്ട്.

സംയുക്ത പ്രോജക്ടിൽ ഉൾപ്പെടുന്ന എൽ.എസ്.ജി.കളിൽ ഒന്നിനെ തുക വകയിരുത്തലിന്റെയോ നിർവഹണ പ്രദേശത്തിന്റെയോ അടിസ്ഥാനത്തിൽ ലീഡ് പാർട്ട്ണറായി നിശ്ചയിക്കണമെന്നും ലീഡ് പാർട്ട്ണർ ബിൽ തയ്യാറാക്കി ഇതര പാർട്ട്ണർ എൽ.എസ്.ജികൾക്ക് നൽകണമെന്നും പാർട്ട്ണർ എൽ.എസ്.ജികൾ ഡിപിസി അംഗീകരിച്ചുള്ള തുകയ്ക്കുള്ള ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ച് ബിൽ പാസാകുന്ന മുറയ്ക്ക് തുക ലഭ്യമാകേണ്ടവരുടെ അക്കൗണ്ടിലേയ്ക്ക് നൽകണമെന്നും 19.05.15 ലെ ജി(പി.)നം.187/15ഫിൻ.നം. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയത് പരിഗണിയ്ക്കാതെ നെൽകൃഷിയ്ക്കുള്ള കൂലിച്ചെലവിനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്ത് വിഹിതമിനങ്ങളിലുള്ള തുകകൾ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

മേൽ സൂചന അപാകതയിൻ മേൽ വിശദീകരണം തേടി 23.11.16ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 5ന് ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ നിർദ്ദേശ പ്രകാരമുള്ള രേഖകൾ ഹാജരാക്കിയാണ് വിഹിതം സ്വീകരിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത നടപടി ക്രമപ്രകാരമല്ല. ഫണ്ട് വിനിയോഗത്തിന്റെ കൃത്യത ഉറപ്പാക്കുന്നതിലേയ്ക്ക് സർക്കാർ നൽകുന്ന മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 സമയ ബന്ധിതമായി മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ വിളക്കുടി ഹോമിയോ ആശുപത്രിക്ക് ആവശ്യമായ മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി 22.01.16 ലെ ബിൽ നം. 1/15-16 പ്രകാരം പിൻവലിച്ച 100,000/-രൂപ ആലപ്പുഴ ഹോംകോയിൽ ഒടുക്കിയെങ്കിലും (രസീത് നം. 1083/28.01.2016) നാളിതുവരെ 53448/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം./തീയതി | ലഭ്യമായ മരുന്നിന്റെ വില |
|---|---|
| LF638, തീയതി 23-09-2016 | 53448 |

മരുന്നുകൾ ലഭ്യമാകത്തതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദ വിവരങ്ങൾ തേടി

24.11.16ൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ശേഷിയ്ക്കുന്ന തുകയ്ക്കുള്ള മരുന്നിനായി പല പ്രാവശ്യം ആലപ്പുഴ ഹോംകോയോട് ടെലിഫോൺ മുഖേന ആവശ്യപ്പെട്ടിരുന്നുവെന്നും ഇപ്പോൾ കത്തയച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. നാളിതുവരെ ലഭ്യമാകാത്ത മരുന്നിനായി ഒടുക്കിയ 46552/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിച്ച് തടസ്സം തീർപ്പാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മേലില ഗ്രാമ പഞ്ചായത്ത് | 10-07-15 | 800000 | വിളക്കുടി - വെട്ടിക്കവല -മേലില കുടിവെള്ള പ്രോജക്ട് | 454120 | 345880 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | | 65954 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | | മുതൽ | പലിശ | തുക |
|---|---|---|---|---|---|---|
| ഇ എംഎസ് ഭവനനിർമ്മാണ വായ്പ | 316/2010/ തസ്വഭവ | 15800000 | 5776150 | 2887206 | | 2888944 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 916/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2005-06 | 3.2 | 956 | ഗോപാലകൃഷ്ണൻ, ക്ലാർക്ക്, തുറവൂർ ഗ്രാമ പഞ്ചായത്ത് | 115011500014,11501500015/ 21-01-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 85014022 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 62584587 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 5255 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 171958 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2285253 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 1797 | | ശ്രീ.ടി.ഷിബു, സെക്രട്ടറി |
| 2-5 | 3458 | | ശ്രീ.എസ്.വിജയ കുമാർ, സെക്രട്ടറി |
| 3-1 | | 120137 | ശ്രീ.ടി.ഷിബു, സെക്രട്ടറി |
| 3-7 | | 47245 | ശ്രീമതി.എസ്.ഗീത,ഹെഡ്മിസ്ട്രസ്,ജി.യു .പി.എസ്, ഇളമ്പൽ |

| | | | |
|---|---|---|---|
| 3-11 | | 4576 | ശ്രീമതി.സുജിതാരവി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 15400 | ശ്രീ.ടി ഷിബു, സെക്രട്ടറി |
| 3-4 | 144027 | ഡോ.അരുൺ രവി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വിളക്കുടി |
| 3-5 | 14910 | ഡോ.എസ് സുമി,മെഡിക്കൽ ഓഫീസർ, പി എച്ച് സി, വിളക്കുടി |
| 3-6 | 13300 | ഡോ. രുൺ രവി, മെഡിക്കൽ ഓഫീസർ, പി എച്ച് സി, വിളക്കുടി |
| 3-7 | 15080 | ശ്രീമതി എസ്.ഗീത,ഹെഡ്മിസ്ട്രസ്,ജി.യു പി എസ്, ഇളമ്പൽ |
| 3-8 | 1420000 | ശ്രീ. എസ് കിഷോർ, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 3-9 | 125000 | ശ്രീ. ടി രാജൻ. അസിസ്റ്റൻറ് സെക്രട്ടറി |
| 3-10 | 80984 | ശ്രീമതി. സുജിതാ രവി, അസിസ്റ്റൻറ് എഞ്ചിനീയർ |
| 3-14 | 410000 | 260000-ശ്രീമതി സുജിതാ രവി, അസിസ്റ്റൻറ് എഞ്ചിനീയർ<br>100000- ശ്രീ.ടി ഷിബു, സെക്രട്ടറി<br>50000- ശ്രീ. എസ്. വിജയകുമാർ, സെക്രട്ടറി |
| 3-16 | 46552 | ഡോ. ബീനാ കുമാരി,മെഡിക്കൽ ഓഫീസർ,, ഗവ. ഹോമിയോ ആശുപത്രി |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| ശ്രീ.ടി ഷിബു, സെക്രട്ടറി | സെക്രട്ടറി, വെട്ടിക്കവല ഗ്രാമ പഞ്ചായത്ത് | നികുഞ്ജം, കാരുവേലി പിഒ, ഇടവെട്ടം മൊബൈൽ-9447958671 |
| ശ്രീ. എസ്. വിജയകുമാർ, സെക്രട്ടറി | സെക്രട്ടറി, കരീപ്ര ഗ്രാമ പഞ്ചായത്ത് | മൊട്ടാലുവിളവീട് , വെളിയം വെസ്റ്റ് മൊബൈൽ-9446128951. |
| ശ്രീമതി എസ്.ഗീത, ഹെഡ്മിസ്ട്രസ്, ജി.യു പി എസ്, ഇളമ്പൽ | ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്, ഇളമ്പൽ | ശ്യാംനിവാസ്, വെളിയം. പി. ഒ |
| ശ്രീമതി സുജിതാ രവി, അസി . എഞ്ചിനീയർ | അസിസ്റ്റൻറ് എഞ്ചിനീയർ പുറമറ്റം ഗ്രാമ പഞ്ചായത്ത് | പണ്ടകശാല വീട്, കിളികൊല്ലൂർ പി ഒ, കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 1997-98 | എൽ എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 1998-99 | എൽ.എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 1999-00 | എൽ.എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 2000-01 | എൽ.എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 2001-02 | എൽ.എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 2002-03 | എൽ.എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 2003-04 | എൽ.എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 2004-05 | എൽ.എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 2005-06 | എൽ.എഫ്.ക്യൂ.പി 7/1188/14(1) dt.11.06.2014 | |
| 2006-07 | എൽ. എഫ്.ക്യൂ.പി.7/1188/14(2) dt.11.06.2014 | |
| 2007-08 | എൽ. എഫ്.ക്യൂ.പി.7/1188/14(3) dt.11.06.2014 | |
| 2008-09 | എൽ. എഫ്.ക്യൂ.പി.7/1188/14(4) dt.11.06.2014 | |

| | | |
|---|---|---|
| 2009-10 | എൽ. എഫ്.ക്യൂ.പി.7/1188/14(5) dt.11.06.2014 | |
| 2010-11 | എൽ. എഫ്.ക്യൂ.പി.7/1188/14(6) dt.11.06.2014 | |
| 2011-12<br>2012-13 | എൽ. എഫ്.ക്യൂ.പി.7/420/14 dt.05.04.2014 | |
| 2013-14<br>2014-15 | കെ എസ് എ കെ എൽ എം പി<br>7/784/2016/dt 07-06-2016 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് കാര്യാലയം,
ജില്ലാ ഓഫീസ്, കൊല്ലം.

## 4-10

അനുബന്ധം ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ കെ.എൽ.എം.പി. 7- 1844 / 16 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
ഫോൺ. 0474-2740141
E-mail: doklm.ksad@kerala.gov.in
തീയതി, 21.01.2017

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്നിയമത്തിലെ 4 -ാം വകുപ്പ് 1994 ലെ കേരളാ പഞ്ചായത്തീരാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വിളക്കുടി ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് കാര്യാലയം,
ജില്ലാ ഓഫീസ്, കൊല്ലം.